**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2968** **14-02-2024 - ൽ മറുപടിയ്ക്ക്**

**വീട് വയ്ക്കാൻ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനായി സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമല്ലെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായമായി 4 ലക്ഷം രൂപയാണ് ലൈഫ് മിഷൻ മുഖേന അനുവദിച്ച് വരുന്നത്. സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിൽ താമസിക്കുന്നതിനാൽ വീടുകൾ വയ്ക്കുന്നതിന് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായിരിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങൾ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിൽ താമസിക്കുന്നതിനാൽ വീടുകൾ വയ്ക്കുന്നതിന് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായിരിക്കും എന്നത് കണക്കിലെടുത്ത്, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉള്ളിലും, സങ്കേതങ്ങളോട് ചേർന്ന് വരുന്ന പ്രദേശത്തും, അതീവ ദുർഘടപ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ